**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2009-2010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11, 3.12 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ തുക യഥാക്രമം **16,18,548/-** രൂപ , **7,70,574/-** രൂപ എന്നിവയുടെ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്**

സ.ഉ(സാ.ധാ)നം.2949/2016/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി 27/10/2016

---

പരാമർശം : 1. മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 18/03/2014 തീയതിയിലെ എ 2-111/2014 നമ്പർ കത്ത്
2. പഞ്ചായത്ത് ഡയറക്ടറുടെ 21/05/2015 തീയതിയിലെ എം3/14407/15 നമ്പർ കത്ത്
3. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 09/09/2015 തീയതിയിലെ എൽ എഫ് 8303/പി.റ്റി3/15 നമ്പർ കത്ത്
4. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 20/07/2016-ലെ ഡി ബി 4-7975/11/സി ഇ/തസ്വഭവ

**ഉത്തരവ്**

റോഡിൽ കരിങ്കല്ല് പതിച്ച് കോൺക്രീറ്റ് ചെയ്യുന്നത് ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ ഉൾപ്പെടാത്ത പ്രവൃത്തിയായതിനാൽ ഇത്തരത്തിലുള്ള 22 പ്രവൃത്തികൾ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് നടത്തിയത് നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാൽ ഈയിനത്തിൽ ചെലവഴിച്ച 16,18,548 രൂപയും ഇത്തരത്തിലുള്ള 13 പ്രവൃത്തികൾക്ക് ചെലവഴിച്ച 7,70,574 രൂപയും മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2009-2010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11, 3.12 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു.

2) ഭൂപ്രകൃതി അനുസരിച്ച് മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ വളരെ ഉൾപ്രദേശങ്ങളും ഇടുങ്ങിയ റോഡുകളുമാണ് നിലവിലുള്ളതെന്നും മഴക്കാലത്ത് വെള്ളം ശക്തിയായി ഒഴുകി റോഡുകൾ തകരാറിലാകുന്നത് പതിവാണെന്നും ആയതിനാൽ റോഡുകൾ കൂടുതൽ സഞ്ചാര യോഗ്യമാക്കുന്നതിനായാണ് റോഡിൽ കരിങ്കല്ല് പതിച്ച് കോൺക്രീറ്റ് ചെയ്തതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്നും പരാമർശം ഒന്ന് കത്ത് പ്രകാരം മങ്കട ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി എന്നിവയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.എന്നാൽ സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക വിരുദ്ധമായാണ് പണം ചെലവഴിച്ചതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം

കൈക്കൊള്ളാവുന്നതാണെന്നും തീരുമാനം കൈക്കൊള്ളുന്നതിനു മുൻപ് ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കൂടി അഭിപ്രായം തേടുന്നത് ഉചിതമായിരിക്കുമെന്നും കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അറിയിട്ടിട്ടുണ്ട്.

3) പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം സമയബന്ധിതമായി ലഭ്യമാകാത്തതിനെ തുടർന്ന് ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് തേടിയിരുന്നു. റോഡ് പ്രവൃത്തിയിൽ Rubble packing ചെയ്യുന്നത് സംബന്ധിച്ച് IRC specification-ലോ Rural Road Manual-ലോ യാതൊരു സ്പെസിഫിക്കേഷനും നിലവിലില്ലായെന്നും എന്നാൽ പലയിടങ്ങളിലും റോഡ് പ്രവർത്തികളിൽ Rubble packing നൽകി വരുന്നുണ്ടെന്നും ടി പ്രവൃത്തി സാമ്പത്തികമായി ഗുണപ്രദമാണെങ്കിലും ഭാരമുള്ള വാഹനങ്ങൾ കയറുമ്പോൾ packing ഇളകി കോൺക്രീറ്റ് പൊട്ടുന്നതു പോലുള്ള സാങ്കേതിക പോരായ്മകൾ ഉണ്ടെന്നും ചീഫ് എഞ്ചിനീയർ പരാമർശം 4 കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശിത റോഡുകൾ ഇപ്പോഴും ജനങ്ങൾക്ക് ഉപയോഗപ്രദമാണെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം കണക്കിലെടുത്തും പ്രസ്തുത റോഡ് പ്രവർത്തികൾക്ക് ചെലവായ മുഴുവൻ തുകയും ഓഡിറ്റിൽ തടസ്സപ്പെടുത്തിയത് ന്യായീകരിക്കത്തക്കതല്ല എന്നും ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി,പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശകളും കണക്കിലെടുത്തും മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിൽ റോഡിൽ കരിങ്കല്ല് പതിച്ച് കോൺക്രീറ്റ് ചെയ്ത ഇനത്തിൽ ചെലവായതും 2009-2010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11, 3.12 പ്രകാരം തടസ്സപ്പെടുത്തിയതുമായ യഥാക്രമം 16,18,548/- രൂപ , 7,70,574/- രൂപ എന്നിവയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഷിബു എ് ടി
അണ്ടർ സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ